# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.528 02.07.2014-ൽ മറുപടിക്ക്**

## ഡോക്ടർമാരുടെയും മരുന്നിന്റേയും ക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി.ശിവൻകുട്ടി**<br>**,, എ.പ്രദീപ്കുമാർ**<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**ശ്രീ. ആർ.രാജേഷ്** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പകർച്ചപ്പനി വ്യാപകമായ സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നും ലഭ്യമല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ എല്ലാം തന്നെ ലഭ്യമാണ്. ജീവിത ശൈലീരോഗങ്ങൾക്കുള്ള മരുന്നുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചില സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് നികത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) സർക്കാരാശുപത്രികളിൽ പ്രത്യേകിച്ച് ഗ്രാമപ്രദേശത്തുള്ളവയിൽ ഡോക്ടർമാരുടെ നിരവധി ഒഴിവുകളുണ്ടായിട്ടും എൻ.ആർ.എച്ച്.എം ഡോക്ടർമാരെ നിയമിക്കാതിരുന്നതിന്റെ കാരണം അറിയിക്കാമോ; | (ബി) 2013-14 സാമ്പത്തിക വർഷം കേന്ദ്ര ആരോഗ്യ മന്ത്രാലയം അംഗീകരിച്ചു നൽകിയ പദ്ധതിരേഖ അനുസരിച്ച്, 104 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും 630 നോൺസ്പെഷ്യലിസ്റ്റ് എം.ബി.ബി.എസ് ഡോക്ടർമാരുടെയും 750 ആയുഷ് വിഭാഗത്തിലെ മെഡിക്കൽ ഓഫീസർമാരുടെയും തസ്തികകൾ ഉൾപ്പെടെ സംസ്ഥാന വ്യാപകമായി 1484 ഡോക്ടർമാർ എൻ.ആർ.എച്ച്.എം വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നുണ്ട്. എൻ.ആർ.എച്ച്.എം-ന് അനുവദിക്കപ്പെട്ട തസ്തികകൾ ഒന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല. ഇതിനു പുറമെ, കേരളത്തിലെ 15 നഗര പ്രദേശങ്ങളിലായി, നഗര ആരോഗ്യ പദ്ധതിയുടെ ഭാഗമായി 34 അർബൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ |

പ്രവർത്തനം ആരംഭിക്കുക വഴി 40 അധിക ഡോക്ടർമാരുടെ സേവനവും മേൽ കാലയളവിൽ എൻ.ആർ.എച്ച്.എം ഉറപ്പു വരുത്തിയിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിച്ച 197 ഉദ്യോഗാർത്ഥികൾക്ക് ജൂലൈ മാസത്തിൽ നടക്കുന്ന കൗൺസിലിംഗിലൂടെ ആരോഗ്യ വകുപ്പിൽ നിയമനം നടത്തുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. കൂടാതെ, പി.ജി ബിരുദത്തിനായി പ്രവേശനാനുമതി 30.06.2014 വരെ ദീർഘിപ്പിച്ചു നൽകിയവർക്കും നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്.

(സി) മരുന്ന് വിതരണം പരാജയപ്പെട്ടിട്ടുണ്ടോ; കാരണം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രാദേശികമായി മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വ്യവസ്ഥയും ആകെ അനുവദിച്ചിരിക്കുന്ന തുകയെത്രയെന്നും അറിയിക്കാമോ?

(സി) & (ഡി) ആരോഗ്യ വകുപ്പ് ആവശ്യപ്പെട്ട 528 മരുന്നുകളിൽ 352 മരുന്നുകൾ കെ.എം.എസ്.സി.എൽ-ൽ ലഭ്യമാണ്. 176 മരുന്നുകൾ ഭാഗികമായാണ് ഉള്ളത്. ഈ 176 മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ ആശുപത്രി മേധാവികൾക്ക് ആർ.എസ്.ബി.വൈ ഫണ്ട് വിനിയോഗിച്ച്, കാരുണ്യ ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ, ആശുപത്രികൾ തന്നെ നടത്തുന്ന എച്ച്.ഡി.സി മെഡിക്കൽ സ്റ്റോറുകൾ എന്നിവയിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങുവാൻ 05.06.2014-ലെ സർക്കാർ ഉത്തരവ് നം.1856/2014/ആകുവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഇല്ലാത്ത മരുന്നുകൾ, ക്വട്ടേഷൻവഴി വാങ്ങാവുന്നതാണ്. മരുന്ന് ദൗർലഭ്യം പരിഹരിക്കുവാൻ സർക്കാർ ഒരു കോടി രൂപയും ആരോഗ്യ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

Sobhy

സെക്ഷൻ ഓഫീസർ